Reg. No.: ..................................

Name : ......................................

**V Semester B.A. Degree (CBCSS – OBE – Regular/Supplementary/ Improvement) Examination, November 2022**
**(2019 Admission Onwards)**
**CORE COURSE IN MALAYALAM**
**5B09MAL : സംസ്കാര പഠനവും സാഹിത്യവും**

Time : 3 Hours　　　　　　　　　　　　Max. Marks : 40

I. **300** വാക്കിൽ കവിയാതെ **2** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) മുലകുടി എന്ന കവിത ആവിഷ്കരിക്കുന്ന അർഥ ഭാവതലങ്ങളെ വിശകലനം ചെയ്യുമ്പോൾ വെളിപെടുന്ന പ്രത്യയശാസ്ത്ര വിവക്ഷകൾ എന്തെല്ലാം ? ഉപന്യസിക്കുക.

2) എന്താണ് സംസ്കാരപഠനം ? സംസ്കാരപഠനത്തിൽ അന്തർ വൈജ്ഞാനിക സമീപനത്തിനുള്ള പ്രാധാന്യമെന്ത് ? വിശദീകരിക്കുക.

3) സാഹിത്യപാഠങ്ങളുടെ വിശകലനത്തിൽ സംസ്കാരപഠനം കൊണ്ടുവന്നിട്ടുള്ള മാറ്റങ്ങളെന്തെല്ലാം ? ഇ. പി. രാജഗോപാലൻ, ആർ. വിശ്വനാഥൻ എന്നിവരുടെ ലേഖനങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.

4) ലിംഗ, ജാതി, അധികാര ബന്ധങ്ങളെത്തന്നെയാണ് മുതലാളിത്ത കലകളും വിനിമയം ചെയ്യുന്നത്. പരസ്യങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.

II. **150** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5) സംസ്കാരത്തെക്കുറിച്ചുള്ള സങ്കല്പത്തിൽ സംസ്കാരപഠനം കൊണ്ടുവന്നിട്ടുള്ള മാറ്റത്തെക്കുറിച്ച് ലഘൂപന്യാസം തയ്യാറാക്കുക.

6) മൊബൈലിലെ റിംഗ്, കാളർ ടോൺ പ്രകടനങ്ങൾ സാംസ്കാരിക പ്രകടനങ്ങളാണെന്ന് ലേഖകർ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട് ?

7) ‘കൂടുതൽ ജനകീയമായ ഒരു സംവേദന സംസ്കാരത്തിനുള്ള വ്യഗ്രതയാണ് ഈ കഥയുടെ ഗതിയെ രൂപപ്പെടുത്തുന്നത്’’ – പൂവമ്പഴത്തെ സംബന്ധിച്ച ആർ. വിശ്വനാഥന്റെ നിരീക്ഷണങ്ങൾ ചുരുക്കി വിവരിക്കുക.

P.T.O.



8) കാവൽഭൂതം എന്ന കഥയിൽ ആവിഷ്കൃതമാവുന്ന ലൈംഗികാധികാരത്തെ സംബന്ധിച്ച ധ്വനികൾ വിശകലനം ചെയ്യുക.

9) വീണപൂവ് എന്ന കവിതയിൽ പ്രവർത്തിക്കുന്ന കാഴ്ചയുടെ പ്രത്യയശാസ്ത്രത്തെക്കുറിച്ച് ലേഖകൻ മുന്നോട്ടുവയ്ക്കുന്ന നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

10) സംസ്കാരപഠനത്തിൽ ജീവത്തായ അനുഭവം, സാമൂഹിക സന്ദർഭം എന്നീ സങ്കല്പനങ്ങൾക്കുള്ള പ്രസക്തിയെന്ത് ?

III. **100** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×2=8)**

11) ബേബിയുമായുള്ള ശങ്കുണ്ണിയുടെ കൂട്ടുകെട്ട് അവസാനിക്കാനിടയായ സാഹചര്യമെന്ത് ?

12) ഡാർക്ക് ഫാന്റസി പരസ്യം വിനിമയം ചെയ്യുന്ന അർഥതലങ്ങൾ വിശകലനം ചെയ്യുക.

13) ‘‘നമ്മളുമല്ലെങ്കിൽ നന്മുലയുണ്ടിടു മ്മതനൂണ്ണിക്കിടാങ്ങൾ മാത്രം’’ – മാതൃത്വത്തെക്കുറിച്ചുള്ള കവി സങ്കല്പത്തെ വിമർശദൃഷ്ട്യാ പരിശോധിക്കുക.

14) പൂവൻപഴം ആഢ്യകലയുടെ ലക്ഷണമൊത്ത രൂപകമായിത്തീരുന്നതെങ്ങനെ ?

15) കാഴ്ച എന്ന സാംസ്കാരിക പ്രക്രിയയെ ഇ. പി. രാജഗോപാലൻ വിശദീകരിക്കുന്നതെങ്ങനെ ?

16) മൊബൈൽ ഫോണുകൾ ആത്മാവിഷ്കാരങ്ങളുടെ അനന്തസാധ്യതകളാവുന്നതെങ്ങനെ ?

IV. ആറു ചോദ്യങ്ങളിൽ നിന്ന് **4** എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) റെയ്മണ്ട് വില്യംസ്.

18) സംസ്കാരത്തിന്റെ സാധാരണത്വം.

19) ജനപ്രിയ സംസ്കാരം.

20) സി. അയ്യപ്പൻ.

21) പാഠം.

22) നിത്യവൃത്തിപഠനങ്ങൾ.